2010-11-ലെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

5(*35) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-2011-ലെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മുൻവർഷത്തെ അപേക്ഷിച്ച് എത്രമാത്രം വിജയകരമായി നടത്താൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ;

(ബി) ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ആരംഭിച്ചശേഷം ഓരോ വർഷവും ഫെസ്റ്റിവലിലെ ഷോപ്പുകളുടെ പങ്കാളിത്തം എങ്ങനെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സമ്മാനകൂപ്പൺ നൽകുന്നതു സംബന്ധിച്ച് ഈ വർഷം എന്തെല്ലാം പുതുമയാർന്ന നടപടികൾ സ്വീകരിച്ചു ; മൊത്തം എത്ര തുകയ്ക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു ;

(ഡി) ഫെസ്റ്റിവൽ സീസണിൽ വിറ്റുവരവിൽ എത്രത്തോളം വർദ്ധനവ് ഉണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) 2010-2011 വർഷത്തെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ വളരെ വിജയകരമായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫെസ്റ്റിവലിൽ പങ്കെടുത്ത വ്യാപാര സ്ഥാപനങ്ങളുടെ എണ്ണത്തിലും കൂപ്പൺ വിതരണത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാപാരികളും ഉപഭോക്താക്കളും ആവേശപൂർവ്വം സ്വീകരിച്ച ഫെസ്റ്റിവലിന് ദേശീയ ശ്രദ്ധ നേടാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഫെസ്റ്റിവലിന്റെ ആദ്യ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ക്രമാനുഗതമായ വർദ്ധനവ് ഈ പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു:

വർഷം	പങ്കാളികളായ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം
2007-08	2198
2008-09	2432
2009-10	5008
2010-11	6305

(സി) ഉപഭോക്താവിന് ലഭിക്കുന്ന ഒരു കൂപ്പൺ ഉപയോഗിച്ച് തന്നെ 4 തവണ സമ്മാനം ലഭിക്കാൻ സാധ്യതയുള്ള അവസരം ഇത്തവണത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഫെസ്റ്റിവലിൽ ഏർപ്പെടുത്തിയിരുന്നു. സ്വർണ്ണം സമ്മാനം ഉൾപ്പെടുന്ന സ്ക്രാച്ച് ആന്റ് വിൻ സമ്മാനം, എസ്. എം. എസ്. സമ്മാനം, വീക്ക്ലി നറുക്കെടുപ്പിലൂടെയുള്ള സമ്മാനം, മെഗാ സമ്മാനം എന്നിവയായിരുന്നു അവ. മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി ഈ വർഷം നിരവധി വ്യാപാര സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കുള്ള സമ്മാനങ്ങളും ഏർപ്പെടുത്തിയിരുന്നു. ഇത് ഉപഭോക്താക്കളിൽ വലിയ താല്പര്യം ഉണർത്തിയെന്ന് ഈ വർഷത്തെ കൂപ്പൺ വില്പന 36 ലക്ഷമായി വർദ്ധിച്ചതിൽനിന്നും മനസ്സിലാക്കാം. 2,27,34000 രൂപയുടെ സ്ക്രാച്ച് ആന്റ് വിൻ സമ്മാനങ്ങളും, ഇതുവരെയായി 13 കോടി 81 ലക്ഷം രൂപയുടെ സ്വർണ്ണവും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. സ്വർണ്ണസമ്മാനങ്ങളുടെ വിതരണം തുടർന്നുവരികയാണ്.

(ഡി) ഫെസ്റ്റിവൽ സമയത്ത് വർദ്ധിച്ച നികുതി വരുമാനം സംബന്ധിച്ച കണക്കുകൾ നികുതി വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു. ഫെബ്രുവരി അവസാനത്തോടെ കണക്കുകൾ ലഭ്യമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. അവ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതാണ്.

ശബരിമല വികസനത്തിന് മാസ്റ്റർ പ്ലാൻ

6(*36) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുല്ലുമേട് ദുരന്തം സംബന്ധിച്ച് ദേവസ്വം ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) തീർത്ഥാടകരുടെ സുരക്ഷയ്ക്കായി ദേവസ്വം ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വിശദമാക്കുമോ ;

(സി) ശബരിമലയിലെ തിക്കുംതിരക്കും നിയന്ത്രിക്കാൻ മാസ്റ്റർ പ്ലാൻ നിർദ്ദേശിച്ച പദ്ധതികൾ അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനായി എത്ര കോടി രൂപയാണ് വേണ്ടതെന്ന് അറിയിക്കുമോ ;

(ഇ) പദ്ധതികൾക്കുവേണ്ട പണം എപ്രകാരം കണ്ടെത്തുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ജി) ക്യൂ കോംപ്ലക്സ്, റോപ്വേ എന്നിവയുടെ നിർമ്മാണത്തിന് മുൻഗണന നൽകുമോ ;

(എച്ച്) അടുത്ത സീസണിനുമുമ്പ് എന്തെല്ലാം പദ്ധതികൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly